**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3874** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എം.സി.എച്ച്. കോഴ്സ് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ **എം.സി.എച്ച്** കോഴ്സ് തുടങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും ഇവരുടെ തസ്തിക ഏതാണെന്നും വിശദമാക്കുമോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പ്രൊഫസർ-1 , ലക്ചറർ-1 എന്നിങ്ങനെ നിലവിൽ 2 ഡോക്ടർമാരാണുള്ളത്. |
| (സി) | ഈ യൂണിറ്റിൽ ഡോക്ടർമാരുടെ ഒഴിവുണ്ടോ; എങ്കിൽ ഏത് തസ്തികയിലാണെന്ന് വിശദമാക്കാമോ; | (സി) | ഈ യൂണിറ്റിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ രണ്ട് ഒഴിവുകൾ ഉണ്ട്. |
| (ഡി) | ഈ യൂണിറ്റിലെ ഏതെങ്കിലും തസ്തിക മറ്റേതെങ്കിലും മെഡിക്കൽ കോളേജിലേക്ക് മാറ്റിയിരുന്നോ; എങ്കിൽ മാറ്റിയ തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ യൂണിറ്റിലെ തസ്തിക മറ്റ് മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ